## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം: 283 — 20.06.2014 -ൽ മറുപടി നൽകേണ്ടത്

### നഗരങ്ങളുടെയും പട്ടണങ്ങളുടെയും വികസനം

**ചോദ്യം**

ശ്രീ. എൻ. എ. നെല്ലിക്കുന്ന്
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
ശ്രീ. സി. മമ്മൂട്ടി
ശ്രീ. സി. മോയിൻ കുട്ടി

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും
വകുപ്പു മന്ത്രി

(എ) നഗരങ്ങളുടെയും, പട്ടണങ്ങളുടെയും വികസനവുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകളുടെ കാര്യത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(എ) നഗരങ്ങളുടെയും, പട്ടണങ്ങളുടെയും വികസനവുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകൾ പ്രദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി തയ്യാറാക്കുന്ന ദീർഘകാല പരിപ്രേക്ഷ്യത്തോടു കൂടിയ (15/20 വർഷ) വികസന രൂപരേഖകളാണ്. മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെയും നടപ്പാക്കുന്നതിന്റെയും പ്രാഥമിക ചുമതല അതത് നഗരസഭകൾക്ക്/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. തയ്യാറാക്കൽ ഘട്ടത്തിലുള്ള മാസ്റ്റർ പ്ലാനുകളുടെ കാര്യത്തിൽ (വിശദമായ കുറിപ്പ് ഇതോടൊപ്പം ചേർക്കുന്നു) സമയബന്ധിതമായി പ്ലാനുകൾ തയ്യാറാക്കുന്നതിന് ലക്ഷ്യമിട്ടിരി ക്കുന്നുവെങ്കിലും ഈ സമയക്രമം പൂർണ്ണമായി പാലിക്കുവാൻ സാധിക്കുന്നില്ല എന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.
അംഗീകൃത മാസ്റ്റർ പ്ലാനുകളിലെ ചില വികസന നിയന്ത്രണങ്ങൾ മൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായിരുന്നതായും ശ്രദ്ധയിൽപ്പെട്ടിരുന്നു. എന്നാൽ ഈ വിഷയം സ്കീം വേരിയേഷൻ വഴി പരിഹരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രായോഗിക നടപടികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന അവസരത്തിൽ കാലതാമസം ഒഴിവാക്കുന്നതിന് സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി സർക്കാർ

വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. (ജി. ഒ. (ആർ.റ്റി)നം.2766/2009/തസ്വഭവ തീയതി 24-10-2009) (ജി. ഒ (ആർ.റ്റി)നം. 2767/2009/തസ്വഭവ, തീയതി 24-10-2009 എന്നിവ). പ്രസ്തുത മാർഗ്ഗരേഖ പ്രകാരം അതത് നഗരസഭകളും, നഗരഗ്രാമാസൂത്രണ വകുപ്പും സംയോജിതമായാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ പുരോഗതി ക്രമമായി സർക്കാർ തലത്തിലും, വകുപ്പുതലത്തിലും വിലയിരുത്തുന്നുണ്ട്. വകുപ്പ് മന്ത്രി നേരിട്ട് മൂന്നു തവണ പദ്ധതി പുരോഗതി വിലയിരുത്തിയും തദ്ദേശസ്വയംഭരണ വകുപ്പ് ഈ ആവശ്യത്തിനായി വിവിധ അവലോകനയോഗങ്ങൾ നടത്തിയും വരുന്നു. കൂടാതെ മാസംതോറും പദ്ധതിയുടെ പുരോഗതി ചീഫ് ടൗൺ പ്ലാനറുടെ തലത്തിലും വിലയിരുത്തുന്നുണ്ട്.

മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രക്രിയ വിശദമാക്കുന്നതിന് വിവിധ പരിശീലന പരിപാടികൾ, വർക്ക് ഷോപ്പുകൾ എന്നിവ നഗര-ഗ്രാമസൂത്രണ വകുപ്പ് നടത്തുന്നുണ്ട്. കൂടാതെ മാസ്റ്റർ പ്ലാൻ സമയബന്ധിതമായി തയ്യാറാക്കുന്നതിന് സഹായകമാം വിധം ടൂൾ കിറ്റുകൾ, ലഘുലേഖകൾ, പഠനസഹായികൾ എന്നിവയും (7 ടൂൾ കിറ്റുകൾ, 5 ഗൈഡ്‌ലൈനുകൾ, മാപ്പിന്റെ മാതൃകകൾ) നഗര-ഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. മാസ്റ്റർ പ്ലാനുകളുടെ നിയമപരമായ നടപടിക്രമങ്ങളിൽ നഗര-ഗ്രാമാസൂത്രണ ഓർഡിനൻസിൽ വ്യക്തമായ സമയ പരിധികൾ നിശ്ചയിച്ചിട്ടുള്ളതിനാൽ ഈ വിഷയത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലതാമസം ഒഴിവാക്കാൻ സാധിക്കുന്നതാണ്.

അംഗീകൃത മാസ്റ്റർ പ്ലാനുകൾ സമയബന്ധിതമായി അവലോകനം ചെയ്ത് പരിഷ്കരിയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ നഗര-ഗ്രാമാസൂത്രണ ഓർഡിനൻസിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കൂടാതെ ഇപ്പോൾ പ്രാബല്യത്തിലുള്ള അംഗീകൃത മാസ്റ്റർ പ്ലാനകളുടെ സോണിംഗ് റെഗുലേഷനുകൾ കാലാനുസൃതമായി പുതുക്കുന്നതിനും നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | പ്രദേശവാസികളെ തുടക്കം മുതൽ ഇക്കാര്യത്തിൽ വിശ്വാസത്തിലെടുക്കാനും, എതിർപ്പുകൾ ഇല്ലാതാക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | പങ്കാളിത്ത പ്രക്രിയയിലൂടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നഗര-ഗ്രാമാസൂത്രണ ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ നഗരങ്ങൾക്ക് മാസ്റ്റർ പ്ലാൻതയ്യാറാക്കുന്ന പദ്ധതി പ്രകാരം അതത് നഗരസഭകളും നഗരഗ്രാമാസൂത്രണ വകുപ്പും സംയോജിതമായിട്ടാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. പ്ലാൻ തയ്യാറാക്കലിന്റെ വിവിധ ഘട്ടങ്ങളിൽ സെമിനാറുകളും വർക്ക്ഷോപ്പുകളും നടത്തി പ്രദേശ വാസികൾക്ക് തുടക്കം മുതൽ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനത്തിൽ പങ്കാളികളാകാൻ അവസരം ഒരുക്കുന്നുണ്ട്. കൂടാതെ കരട് പ്ലാൻ പ്രസിദ്ധീകരിച്ച് 60 ദിവസം വരെയുള്ള കാലായളവിൽ പൊതുജനങ്ങൾക്ക് ആക്ഷേപ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും അവസരമുണ്ട്. ഇവ കൂടി പരിഗണിച്ച് ആവശ്യമായ ഭേദഗതികളോടെ മാത്രമാണ് ഒരു മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നത്. |

Vajeiun

സെക്ഷൻ ഓഫീസർ